# <u>കാളകൾ</u>

***<u>വിപരീതപദം</u>***

മന്ദം X വേഗം, ശീഘ്രം / മിത്രം X ശത്രു/ രാത്രി X പകൽ /നിർജ്ജീവം X സജീവം/ നിർവ്വികാരം X വികാരം ശിക്ഷ X രക്ഷ/ ഗമിക്കുക X ആഗമിക്കുക/ ശുദ്ധം X അശുദ്ധം/ ചരം X അചരം/ അന്തി X പ്രഭാതം

***<u>നാനാർത്ഥം</u>***

ഘനം: ഭാരം, മേഘം / തണ്ട്: കമ്പ്, അഹങ്കാരം / നാൾ: ദിവസം, നക്ഷത്രം/ രംഗം: കാഴ്ച, അരങ്ങ്
കൊടി:: ചെടി, പതാക/ തെളിക്കുക: നയിക്കുക, പ്രകാശിപ്പിക്കുക/ വിണ്ണ്: സ്വർഗ്ഗം, ആകാശം

***<u>അർത്ഥവ്യത്യാസം</u>***

1. ഘനം= ഭാരം ഖനി=രത്നത്തിൻെറയും മറ്റും നിക്ഷേപമുള്ള സ്ഥലം/ 2. ആകാരം= രൂപം ആഹാരം= ഭക്ഷണം
3. കണ്ഠം= കഴുത്ത് കണ്ടം = വയൽ / 4. കരാളം= ഭയങ്കരം മരാളം= അരയന്നം
5. പ്രഹരം = അടി പ്രകാരം= അനുസരിച്ച് / 6. ഞരക്കം= മൂളൽ ഞെരുക്കം= പ്രയാസം
7. പേറി = ചുമന്നു പാറി= പറന്നു/ 8. നേരം= സമയം നാരം= ജലം

***<u>പര്യായപദങ്ങൾ</u>***

വണ്ടി: ശകടം, ചാട്, / മനുഷ്യൻ: മാനവൻ, മനുജൻ, മർത്ത്യൻ/ തോള്: ചുമൽ, സ്കന്ധം, അംസം/കാള: ഋഷഭം, വൃഷം, ഭദ്രം/ കണ്ഠം: കഴുത്ത്, ഗ്രിവം, ഗളം / പാത: വഴി, മാർഗ്ഗം, വീഥി /നുകം: യുഗം, പ്രാസംഗം/ഭയം: പേടി, ത്രാസം / കാല്: പാദം, പദം, ചരണം / നിദ്ര: ഉറക്കം, സുപ്തി, സുഷുപ്തി /കരൾ: കാളേയം, യകൃത്ത്/ മൃത്യു: മരണം, ജീവനാശം, അന്തം/ തത്ത: ശുകം, കീരം, ശാരിക / ഗുഹ: കന്ദരം, ഗഹ്വരം, ദരി, /പട്ടി: ശ്വാനൻ, നായ്, ശ്വാവ്

***<u>സന്ധി:</u>*** വണ്ടിക്കാള/ മന്ദമിഴഞ്ഞ് / അന്തിയിൽ/ പേറിക്കൊണ്ട് /മാനുഷാകാരം / ദയാർഹം/ പാട്ടൊന്ന്/ മിത്രാദികൾ/ മിണ്ടുകില്ലൊന്നും

***<u>വിഗ്രഹിച്ചെഴുതുക:</u>*** വണ്ടിക്കാള/മാനുഷാകാരം/ദുർവ്വിധി /നിർജ്ജീവം/സ്വച്ഛനിദ്ര/ഗ്രാമവീഥിയിൽ/വിഷക്കാവ്/കാഞ്ഞിരമരം

***<u>ഉത്തരമെഴുതുക</u>***

*<u>1. "മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടിട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി" വണ്ടിക്കാരനെ കാളയോട് താരതമ്യപ്പെടുത്താൻ കാരണമെന്ത്?</u>*

വണ്ടിക്കാരൻെറ ഇഷ്ടമനുസരിച്ച് നിരന്തരം ഭാരം വലിക്കാൻ വിധിക്കപ്പെട്ടിരിക്കുന്ന മൃഗമാണ് കാള. വിശ്രമോ പരിഭവമോ ഇല്ലാതെ രാത്രിയെന്നോ പകലെന്നോ ഇല്ലാതെ കാളകൾ വണ്ടി വലിക്കുന്നു. ഇതേ വിധി തന്നെയാണ് വണ്ടിക്കാരൻെറയും. കാളകളെ പോലെ നിർവ്വികാരതയോടെ അയാളും നിരന്തരം അധ്വാനിക്കുന്നു. രാപകലില്ലാതെ കഷ്ടപ്പെട്ട് കാളകൾ വണ്ടി വലിക്കുന്നതു പോലെയാണ് വണ്ടിക്കാരനും ജീവിതമാകുന്ന ഭാരം വലിച്ചുകൊണ്ട് സഞ്ചരിക്കുന്നത്. കാളകളെ പോലെ മൂകമായി ജീവിതം നയിക്കുന്നതുകൊണ്ടാണ് വണ്ടിക്കാരനെ മറ്റൊരു വണ്ടിക്കാള എന്നു പറഞ്ഞിരിക്കുന്നത്.

*<u>2. "അന്തിയിൽ വിഷക്കാവിൽ വെളിച്ചമകറ്റുവാൻ ദുർമ്മന്ത്രവാദം ചെയ്യും മൂങ്ങകൾ മൂളീടുമ്പോൾ, അകലെക്കുന്നിൻ മോളിൽ, രാത്രിതൻ ഗുഹകളെയലറും തെണ്ടിപ്പട്ടി'യോളി'യാൽ നിറയ്ക്കുമ്പോൾ" ഈ വരികളുടെ ഭാവതലം വ്യക്തമാക്കുക</u>*

ഗ്രാമപദേശങ്ങളിൽ സന്ധ്യാസമയത്തും രാത്രിയിലുമുണ്ടാകുന്ന രണ്ടു ശബ്ദചിത്രങ്ങളാണ് ഇവ. വൃക്ഷങ്ങൾ നിറഞ്ഞ നാട്ടിൻപുറങ്ങളിൽ സന്ധ്യാസമയത്ത് കേൾക്കുന്ന ശബ്ദമാണ് മൂങ്ങകളുടെ മൂളൽ. കുന്നിൻ പുറങ്ങളിൽ അലഞ്ഞു നടക്കുന്ന നായ്ക്കളും നരികളും രാത്രികാലങ്ങളിൽ ദീർഘമായി ഓരിയിടാറുണ്ട്. സംഗീതാത്മകമായ അനുഷ്ഠാനങ്ങളായി കവി ഇവയെ സങ്കല്പിക്കുന്നു. സന്ധ്യാസമയത്ത് മൂങ്ങകൾ മൂളുന്നത് ഇരുട്ടിനെ ആവാഹിക്കാൻ മൂങ്ങകൾ ദുർമ്മന്ത്രവാദം ചെയ്യുന്നതായും രാത്രിയിൽ നായ്ക്കൾ കുരയ്ക്കുന്നത് രാത്രിയാകുന്ന ഗുഹ നിറയ്ക്കാൻ തെണ്ടിപ്പട്ടികൾ ഓരിയിടുന്നതായും കവി കല്പിക്കുന്നു. ഗ്രാമീണാന്തരീക്ഷത്തിലെ രണ്ടു സൂക്ഷ്മചിത്രങ്ങളെ കാവ്യാത്മകമായി അവതരിപ്പിക്കുകയാണ് ഈ കല്പനകളിൽ കവി.

*<u>3. അദ്ധ്വാനഭാരം വണ്ടിക്കാരനിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?</u>*

അദ്ധ്വാനഭാരം വണ്ടിക്കാരൻെറ ശരീരത്തിലും മനസ്സിലും വലിയ മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത്. വളരെക്കാലം മുമ്പ് ഏതോ ഒരു പഞ്ഞക്കുടിലിൽ കൈക്കുഞ്ഞായി പിറന്നുവളർന്ന കാലം മുതൽ അയാൾ അദ്ധ്വാനിക്കുന്നു. സ്വന്തം ജീവിതനാളുകൾ കഴുത്തിലേറ്റിയ ഭാരം കൊണ്ട് അയാളുടെ തോളുകൾ കുനിഞ്ഞിട്ടുണ്ട്. കാലത്തിൻെറ കാരാളമായ വഴികൾ താണ്ടി അയാളുടെ കാലുകൾ തേഞ്ഞിരിക്കുന്നു. ദുർവ്വിധി കണ്ണുനീർ കിടിച്ചുവറ്റിച്ചതിനാൽ കണ്ണുകൾ നിർജ്ജീവങ്ങളും നിർവ്വികാരങ്ങളുമായി മാറി. ലോകത്തിൻെറ നിരന്തര പ്രഹരം അയാളുടെ മനസ്സിൽ വ്രണങ്ങൾ പടർത്തിയിരിക്കുന്നു.

*<u>4. "കണ്ടിടാറുണ്ടു ഞാനാക്കിഴവൻ വണ്ടിക്കാരൻ വണ്ടിയും തെളിച്ചുകൊണ്ടങ്ങിങ്ങ് ചരിപ്പതായ്" എപ്പോഴെല്ലാം?"</u>*

പ്രഭാതം മുതൽ രാത്രി ഏറെ വരെ നീളുന്ന വണ്ടിക്കാരൻെറ അദ്ധ്വാനഭാരത്തെ വിവിധ പ്രകൃതിദൃശ്യങ്ങളോട് ബന്ധിപ്പിച്ചാണ് കവി വിവരിക്കുന്നത്. നിശ്ചിത കർമ്മങ്ങൾക്കു ശേഷം പ്രകൃതിചരാചരങ്ങൾ വിശ്രമിക്കുമ്പോഴും അയാൾ അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്നു. പ്രഭാതത്തിൽ ഗ്രാമസ്ത്രീകൾ വെള്ളം എടുക്കാൻ താമരക്കുളം നോക്കി പോകുമ്പോഴും രാവിലെ പുഞ്ചയ്ക്ക് വെള്ളം തേവുന്ന കൃഷിക്കാർ പരിസരം സംഗീതസാന്ദ്രമാക്കുമ്പോഴും ഉച്ചയ്ക്ക് വഴിവക്കിൽ പേരാലിൻെറ ചുവട്ടിൽ യാത്രക്കാർ കിടന്നുറങ്ങുമ്പോഴും മധ്യാഹ്നം കാഞ്ഞിരമരത്തോപ്പിൽ തത്തകൾ ഊഞ്ഞാലാടി ചിലയ്ക്കുമ്പോഴും സന്ധ്യയ്ക്ക് വിഷക്കാവിൽ മൂങ്ങകൾ ദുർമ്മന്ത്രവാദം മുഴക്കുമ്പോഴും രാത്രിയിൽ കുന്നിൻ മുകളിൽ തെണ്ടിപ്പട്ടികൾ ഓരി ഇടുമ്പോഴും എല്ലാം അയാൾ വണ്ടി തെളിച്ചുകൊണ്ട് സഞ്ചരിക്കുന്നു.

***